**പതിനാലാം കേരള നിയമസഭ**

**16-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .3181** **07.11.2019-ൽ മറുപടിക്ക്**

**മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2018-19 സാമ്പത്തിക വർഷത്തിലും നടപ്പ് സാമ്പത്തിക വർഷത്തിലുമായി മലപ്പുറം ജില്ലയിലെ എന്തെല്ലാം പ്രവൃത്തികൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ; | (എ) 2018-19 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ളതും അവയുടെ ഇപ്പോഴത്തെ അവസ്ഥയും ചുവടെ ചേർക്കുന്നു.<br><br>1. ആർ.എം.എഫ് കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ് 10 കനിയിൽ കോലോത്തുംതൊടി കക്കുഴികുന്നത്ത് ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം - ടെണ്ടർ നടപടി പുരോഗമിക്കുന്നു.<br><br>2. ആർ.എം.എഫ് മമ്പാട് ഗ്രാമ പഞ്ചായത്തിലെ വള്ളിക്കെട്ട് കുടിവെള്ള പദ്ധതയിക്കു സമീപം കുതിരപ്പുഴയുടെ ഇടതുകര സംരക്ഷണം - ടെണ്ടർ നടപടികൾ കഴിഞ്ഞു.<br><br>3. ആർ.എം.എഫ് കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ നുറാടി പാലത്തിനു താഴെ ചോലശ്ശേരി കടവിൽ കടലുണ്ടിപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മാണം - ടെണ്ടർ നടപടികൾ കഴിഞ്ഞു. |
| (ബി) നടപ്പ് സാമ്പത്തിക വർഷം 2019 സെപ്റ്റംബർ 30-ന് ഫണ്ടിൽ ഉള്ള നീക്കിയിരുപ്പ് തുക എത്രയാണ്; പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഇനിയും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പ സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) ആർ.എം.എഫ് അക്കൗണ്ടിൽ 30.09.2019-ൽ മലപ്പുറം ജില്ലയിലെ നീക്കിയിരുപ്പ് തുക 1,52,84,643/- (ഒരു കോടി അൻപത്തിരണ്ട് ലക്ഷത്തി എൺപത്തിനാലായിരത്തി അറുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപാ മാത്രം) രൂപയാണ്. നടപ്പ സാമ്പത്തിക വർഷം 11 പുതിയ നദീതീര സംരക്ഷണ പ്രവൃത്തികൾക്കാണ് 02/10/2019-ലെ സ.ഉ (സാധാ) നം.2754/2019/റവ പ്രകാരം അനുമതി നൽകിയത്. പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

1. മലപ്പുറം ജില്ലയിലെ മലപ്പുറം മുനിസിപ്പാലിറ്റിയിലെ വാർഡ് 13,14 ശാന്തി നഗറിൽ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 51.59 ലക്ഷം രൂപ

2. മലപ്പുറം ജില്ലയിലെ മലപ്പുറം മുനിസിപ്പാലിറ്റിയിൽ 13 വാർഡിലെ കാളമ്പാടിയിൽ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 46.40 ലക്ഷം രൂപ

3. മലപ്പുറം ജില്ലയിലെ പറപ്പൂർ പഞ്ചായത്തിൽ ഒന്നാം വാർഡിൽ ഇല്ലിപ്പുലാക്കലിൽ കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 23.51 ലക്ഷം രൂപ

4. എ..ആർ നഗർ പഞ്ചായത്തിൽ 19-ാം വാർഡിൽ മൂഴിക്കലിൽ (293 സി വീടിനോട് ചേർന്ന്) കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 40 ലക്ഷം രൂപ

5. എ.ആർ നഗർ പഞ്ചായത്തിൽ 19-ാം വാർഡിൽ മമ്പുറം പുതിയ പാലത്തിന് മേൽ ഭാഗത്ത് കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം -17 ലക്ഷം രൂപ

6. എ..ആർ നഗർ ഗ്രാമ പഞ്ചായത്തിൽ മൂഴിക്കൽ കോളനിയിൽ പി.എം. ജാഫർ എന്നവരുടെ വീടിനോട് ചേർന്ന് (റീ.സ. നം.226/14) കടലുണ്ടി പുഴയുടെ വലതുകര സംരക്ഷണം - 31 ലക്ഷം രൂപ

7. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ നെടുവ വില്ലേജിൽ ഉള്ളണം ലാക്കൽ പ്രദേശത്ത് കടലുണ്ടി പുഴയുടെ ഇടതുകര സംരക്ഷണം - 60 ലക്ഷം രൂപ

8. വാഴക്കാട് ഗ്രാമ പഞ്ചായത്തിൽ വാർഡ് 5 റീ.സ. നം.23/1 വാഴക്കാട്, വാഴക്കാട് ആമക്കോടിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം -52 ലക്ഷം രൂപ

9. മലപ്പുറം ജില്ലയിലെ വഴിക്കടവ് ഗ്രാമ പഞ്ചായത്തിൽ ശ്രീമതി പത്മജ, w/o സത്യൻ എന്നവരുടെ സ്ഥലത്ത് കലക്കൻ പുഴയുടെ ഇടതുകരയിലും വലതുകരയിലും സംരക്ഷണ ഭിത്തി നിർമ്മാണം - 18.50 ലക്ഷം രൂപ

10. മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ കുറ്റിക്കാട് കടവിന്റെ താഴ്ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാം ഘട്ടം - 51 ലക്ഷം രൂപ

11. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം പഞ്ചായത്തിൽ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങണ കടവിന് മേൽ ഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം രണ്ടാം ഘട്ടം - 25 ലക്ഷം രൂപ

Nizamma

സെക്ഷൻ ഓഫീസർ